©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
വ്യാഴം
Thiruvananthapuram,
Thursday

2026 മേയ് 14
14th May 2026
1201 മേടം 31
31st Medam 1201
1948 വൈശാഖം 24
24th Vaisakha 1948

നമ്പർ
No.
1570

ഫോറം നമ്പർ 7

[ചട്ടം 18(1) കാണുക.]

RFCT LARR ആക്റ്റ് വകുപ്പ് 11(1) പ്രകാരം പരസ്യപ്പെടുത്തുന്ന പ്രാഥമിക വിജ്ഞാപനം

File No.DCMPM/13589/2018-LA4 തീയതി : 13.04.2026

കേരള സർക്കാരിന്റെ 01.08.2022 തീയതിയിലെ G.O.(Rt) 3258/2022/RD നമ്പർ ഉത്തരവ് പ്രകാരം സ്പെഷ്യൽ തഹസിൽദാർ, എൽ.എ. യൂണിറ്റ് -2 കിഫ്ബി, നിലമ്പൂരിന് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിന് (കേന്ദ്ര ആക് 30/2013) വിധേയമായി കുളകൂറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് വേണ്ടി നിയമിച്ചിരിക്കുന്നതിനാലും നിർദ്ദിഷ്ടിട്ട ഏറ്റെടുക്കലിൽ പൊന്നുംവില നടപടിയുടെ പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി മലപ്പുറം ലാന്റ് അക്വിസിഷൻ ഡെപ്യൂട്ടി കളകൂറെ കേരള സർക്കാർ നിയമിച്ചിരിക്കുന്നതിനാലും ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിലെ തിരൂർ ചെറിയമുണ്ടം വില്ലേജുകളിലെ തിരൂർ പുഴയ്ക്ക് കുറുകെ പനമ്പാലം പാലത്തിന്റേയും അനുബന്ധ റോഡിന്റേയും നിർമ്മാണത്തിനായി അധിക സർവ്വെ നമ്പറുകളിൽ നിന്ന് ഭൂമി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ സർക്കാരിന് ബോധ്യപ്പെട്ടിരിക്കുന്നതിനാലും ഇപ്പോൾ തന്മൂലം അതുമായി ബന്ധപ്പെട്ട് എല്ലാ വ്യക്തികൾക്കും 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് 11-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

പൊന്നുംവിലക്കെടുക്കാൻ തീരുമാനിച്ചിട്ടുള്ള ഭൂമിയിൽ തൽപരകക്ഷികളായുള്ള എല്ലാ വ്യക്തികളോടും ഭൂരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ ഇതു സംബന്ധിച്ച പൊതുനോട്ടീസിന്റെ തീയതിയോ ഏതാണോ അവസാനം വരുന്നത് ആ തിയ്യതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന പൊന്നും വില ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ, എൽ.എ. യൂണിറ്റ്-2 കിഫ്ബി, നിലമ്പൂർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും, ആക്ഷേപകന് ഭൂമിയിലുള്ള താൽപ്പര്യം സംശയലേശമന്യേ വിശദീകരിക്കാത്ത ആക്ഷേപങ്ങളും നിരുപാധികം നിരസിക്കപ്പെടുന്നതാണ്. പട്ടികയും സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ട് സംഗ്രഹവും താഴെ ചേർക്കുന്നു. ആയത് https://malappuram.nic.in. എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക

ജില്ല : മലപ്പുറം താലൂക്ക് : തിരൂർ

(ഏകദേശ വിസ്തീർണ്ണം ചേർത്തിരിക്കുന്നു.)

ക്രമ നം.	വില്ലേജ്	ദേശം	സർവ്വെ നമ്പറും സബ് ഡിവിഷൻ നമ്പറും	ഭൂമിയുടെ തരം	വിസ്തീർണം (ഹെക്ടറിൽ)	പൊതു ആവശ്യത്തിന്റെ സ്വഭാവം	ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള കാരണം	ഉടമസ്ഥർ
(എ) നഗര പ്രദേശത്തെ വസ്തുക്കൾ								
1	തിരൂർ	കോട്ട്	344/5	നഞ്ച	0.0009		ബാധകമല്ല	പ്രസിഡണ്ട്, അൻസാറുൽ ഇസ്ലാം സംഘം & മദ്രസ്സ
2.	തിരൂർ	കോട്ട്	344/5	നഞ്ച	0.0015	പനമ്പാലം പാലം അനുബന്ധ റോഡ് നിർമ്മാണം	ബാധകമല്ല	മുളിയത്തിൽ നൂറുദ്ദീൻ മക്കൾ 1. സജീർ 2.സമീർ അഹമ്മദ് 3.അൻവർ അഹമ്മദ്, 4. സുനീർ അഹമ്മദ്, കോട്ട്, തിരൂർ പി. ഒ
3.	തിരൂർ	കോട്ട്	344/5	നഞ്ച	0.0094		ബാധകമല്ല	നാളത് റോഡ്
4.	തിരൂർ	കോട്ട്	344/6	നഞ്ച	0.0017		ബാധകമല്ല	എളംകുളത്ത് ചെറിയ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

								മുഹമ്മദ് മക്കൾ 1. മമ്മുട്ടി 2. ഹൈദ്രു , കോട്ട്, തിരൂർ
5.	തിരൂർ	കോട്ട്	344/6	നഞ്ച	0.0029		ബാധകമല്ല	നാളത് റോഡ്
6	തിരൂർ	കോട്ട്	344/13	നഞ്ച	0.0020		ബാധകമല്ല	കുഞ്ഞീതുട്ടി s/o കോയാമു പറമ്പാട്ട്, ആലിൻചുവട്, കോട്ട്
					0.0059			കുഞ്ഞീതുട്ടി s/o കോയാമു, പറമ്പാട്ട്, ആലിൻചുവട്, കോട്ട്
7.	തിരൂർ	കോട്ട്	344/13	നഞ്ച	0.0215		ബാധകമല്ല	നാളത് റോഡ്
ആകെ					**0.0458 ഹെക്ടർ**			
(ബി) ഗ്രാമപ്രദേശത്തെ വസ്തുക്കൾ								
8.	ചെറിയമുണ്ടം	വാണിയന്നൂർ	38/1	നഞ്ച	0.0096	പനമ്പാലം പാലം അനുബന്ധ റോഡ് നിർമ്മാണം	ബാധകമല്ല	കുറ്റിപുലാക്കൽ അഹമ്മദ് മക്കൾ ബഷീർ അഹമ്മദ് മുതൽപേർ വാണിയന്നൂർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

9.	ചെറിയമുണ്ടം	വാണിയന്നൂർ	5/11	നഞ്ച	0.0001		ബാധകമല്ല	അബ്ദുറഹിമാൻ, നെടിയേടത്ത്, തലക്കടത്തൂർ. പി. ഒ, തിരൂർ
10	ചെറിയമുണ്ടം	വാണിയന്നൂർ	37/5	നഞ്ച	0.0054		ബാധകമല്ല	1. മുഹമ്മദ് അഷ്റഫ്. വി.പി, S/o സൈതലവി ഹാജി 2.ഫാത്തിമ ബീഗം, W/o മുഹമ്മദ് അഷ്റഫ്., വടക്കിണിയേടത്ത് പുല്ലാട്ട്, ഇരിങ്ങാവൂർ, വാണിയന്നൂർ
11	ചെറിയമുണ്ടം	വാണിയന്നൂർ	37/5	നഞ്ച	0.0125		ബാധകമല്ല	നാളത് റോഡ്
ആകെ					**0.0276 ഹെക്ടർ**			
ഒട്ടാകെ					**0.0734 ഹെക്ടർ**			

<u>സാമൂഹ്യാഘാത പഠനത്തിന്റെ സംക്ഷിപ്തരൂപം</u>

മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിലെ തിരൂർ ചെറിയമുണ്ടം വില്ലേജുകളിൽ തിരൂർ പുഴയ്ക്ക് കുറുകെ പനമ്പാലം പാലം അനുബന്ധ റോഡ് നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ വളരെ അനിവാര്യമായ വസ്തുതയാണ്. ഭൂമി ഏറ്റെടുക്കുന്നതിന്റെ അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ , പദ്ധതി മൂലം ഭൂവുടമകൾക്കും ഏതാനും മറ്റ് വ്യക്തികൾക്കും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചില നഷ്ടങ്ങൾ ഉണ്ടാകുവാനിടയുണ്ടെങ്കിലും പദ്ധതി പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് പ്രസ്തുത പദ്ധതി കാരണമാകും എന്ന് മനസ്സിലാക്കുന്നു.

പ്രദേശത്തെ ജനങ്ങളുടെ പ്രധാന തൊഴിൽ മേഖല കൃഷിയാണ്. പദ്ധതി നടപ്പിലാകുന്നതു വഴി ഗതാഗത സൗകര്യം വർദ്ധിക്കുന്നതോടൊപ്പം കാർഷിക ഉല്പന്നങ്ങളുടെ വാർഷിക ഉല്പാദനം വർദ്ധിക്കുമെന്നും പ്രതീക്ഷിക്കുന്നു. നിർദ്ദിഷ്ട പദ്ധതി പൊതുജനങ്ങൾക്ക് ഏറെ ഉപകാരപ്രദമായ പൊതുതാൽപര്യ പദ്ധതിയായതിനാലും പ്രദേശത്തിന്റെ ഗതാഗത സാമ്പത്തിക വികസനത്തെ വളരെയേറെ സഹായിക്കുന്നതിനാലും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമ പ്രകാരം പദ്ധതിക്കായി ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമസ്ഥർക്ക് ഉചിതവും ന്യായവും മതിയായതും നിയമാനുസൃതവുമായ നഷ്ടപരിഹാരം നൽകി പദ്ധതി സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണ്.

(ഒപ്പ്)
ജില്ലാ കളക്ടർ
മലപ്പുറം

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.05.14 07:39:22 +05:30